**കേരള സർക്കാർ**

നം.189/ എ.ആർ13(2)/ 22/ ഉഭപവ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(എ.ആർ 13) വകുപ്പ്,
തിരുവനന്തപുരം, തീയതി.12.09.2022

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സർക്കാർ ഓഫീസുകളുടെ പ്രവർത്തന സമയം ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 20.02.2012 ലെ 20909/ എ ആർ 13 (2)/ 2011/ ഉഭപവ നമ്പർ പരിപത്രം.

സൂചന സർക്കുലർ പ്രകാരം, സന്ദർശകർക്ക് എളുപ്പത്തിൽ കാണാൻ കഴിയുന്ന തരത്തിൽ ഓഫീസ് സമയം വ്യക്തമായും വൃത്തിയായും ഓഫീസ് പരിസരത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളാൻ എല്ലാ സർക്കാർ ഓഫീസുകളുടെയും പൊതു മേഖലാ സ്ഥാപനങ്ങളുടെയും മേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നു.

2 മേൽ നിർദ്ദേശത്തിനു തുടർച്ചയായി, സർക്കാർ ഓഫീസുകളുടെ പ്രവർത്തന സമയത്തോടൊപ്പം ഉച്ചഭക്ഷണ സമയം, പൊതു അവധി വിവരം എന്നീ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സർക്കാർ ഓഫീസുകളിലും, വകുപ്പുകളുടെ വെബ്സൈറ്റിലും പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകുന്നു.

DR ASHA THOMAS IAS
ADDITIONAL CHIEF SECRETARY

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും
സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും/ ജില്ലാകളക്ടർമാർക്കും/ഓഫീസ് തലവൻമാർക്കും
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ